# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1581    22.03.2013 ലെ മറുപടിക്ക്

## പഞ്ചായത്ത് ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) കാസർഗോഡ് ജില്ലയിൽ തദ്ദേശഭരണ വകുപ്പിന് കീഴിൽ വിവിധ പഞ്ചായത്തുകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ട് ; | (എ) കാസർഗോഡ് ജില്ലയിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 3 ജൂനിയർ സൂപ്രണ്ടിന്റെയും 7 ഹെഡ് ക്ലാർക്കിന്റെയും ഒഴിവുകളുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിന് കീഴിൽ 4 അസിസ്റ്റന്റ് എഞ്ചിനീയർ, 13 ഒന്നാം തരം ഓവർസീയർ, 3 രണ്ടാം തരം ഓവർസീയർ, 14 മൂന്നാം തരം ഓവർസീയർ എന്നീ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) ടെക്നിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ടിന്റെയും ഹെഡ് ക്ലാർക്കിന്റെയും ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്താൻ നടപടി സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (സി) ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | പി.എസ്.സിയിൽ നിന്ന് ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് വിംഗിൽ നിയമനം നടത്തുന്നതാണ്. പഞ്ചായത്ത് വകുപ്പിൽ സ്ഥാനക്കയറ്റം മുഖേന യുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ